● ബജറ്റിൽ വകയിരുത്തിയ 15 കോടി നൽകിയില്ല

# ഏപ്രിലിൽ 2 നീരപ്ലാന്റ് പ്രവർത്തനം തുടങ്ങും

തിരു: സംസ്ഥാനത്ത് നീരയുടെ വാണിജ്യഉൽപ്പാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രതിദിനം 10,000 ലിറ്റർ ഉൽപ്പാദനശേഷിയുള്ള രണ്ട് പ്ലാന്റ് സ്ഥാപിക്കുമെന്ന് മന്ത്രി കെ പി മോഹനൻ പറഞ്ഞു. പ്രതിപക്ഷനേതാവ് വി എസ് അച്യുതാനന്ദന്റെ ഉപക്ഷേപത്തിന് മറുപടി നൽകുകയായിരുന്നു മന്ത്രി. നാളികേര വികസന കോർപറേഷന്റെ നേതൃത്വത്തിൽ കോഴിക്കോട് ഏലത്തൂരിലും കണ്ണൂരിലെ ആറളത്തുമാണ് പ്ലാന്റുകൾ സ്ഥാപിക്കുക. ഫെബ്രുവരി, ഏപ്രിൽ മാസങ്ങളിൽ പ്ലാന്റുകളിൽ ഉൽപ്പാദനം തുടങ്ങാനാകുമെന്നും മന്ത്രി അറിയിച്ചു.

2013-14 വർഷത്തിൽ 10 ജില്ലയിൽ നീരയൂണിറ്റുകൾ സ്ഥാപിക്കാനായി ബജറ്റിൽ വകയിരുത്തിയ 15 കോടി നൽകിയിട്ടില്ലെന്നും തുക വകമാറ്റി ചെലവഴിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. നീര ഉൽപ്പാദനത്തിന് കേരള കാർഷികസർവകലാശാല പ്രത്യേക സംവിധാനം വികസിപ്പിച്ച സാഹചര്യത്തിൽ കാസർകോട് നീലേശ്വരത്തും തൃശൂർ വെള്ളാനിക്കരയിലും തിരുവനന്തപുരത്ത് വെള്ളായണിയിലുമായി ദിവസം 1000 ലിറ്റർ ഉൽപ്പാദനശേഷിയുള്ള മൂന്ന് യൂണിറ്റ് സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നീലേശ്വരം പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു. കേരള നാളികേരവികസന കോർപറേഷൻ കോഴിക്കോട്ട് പ്രതിദിനം 300 ലിറ്റർ ശേഷിയുള്ള പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചതായും മന്ത്രി പറഞ്ഞു.